ഉത്തരം

(എ)-(സി) ഇപ്പോഴത്തെ സാഹചര്യത്തിൽ ലാഭകരമായി പ്രവർത്തിപ്പിക്കാൻ കഴിയില്ല എന്ന കാരണത്താൽ മഞ്ചേശ്വരം വെയർഹൗസിന്റെ ഒരു ഗോഡൗൺ ഇപ്പോൾ സ്ഥാപിക്കുന്നതിന് നടപടിയൊന്നും എടുത്തിട്ടില്ല.

കാർഷിക സർവ്വകലാശാലയിലെ നിലവിലുള്ള സെക്യൂരിറ്റി സംവിധാനം

150(1979) ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയിൽ വിജിലൻസ് വിഭാഗമുണ്ടോ;

(ബി) സർവകലാശാലയിൽ നിലവിലുള്ള സെക്യൂരിറ്റി സംവിധാനം വിശദമാക്കുമോ;

(സി) കോൺട്രാക്ട് അടിസ്ഥാനത്തിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതലാണ് ഈ വിധത്തിൽ നിയമിച്ചിട്ടുള്ളത്;

(ഡി) ഈ ജീവനക്കാർക്ക് ഇപ്പോൾ കൊടുക്കുന്ന വേതനം എത്രയാണ്; ഇവരുടെ സേവന വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഇ) സെക്യൂരിറ്റി സംവിധാനത്തിനായി കോൺട്രാക്ടുകാർക്ക് ഇതുവരെയായി സർവകലാശാല എത്ര തുക നൽകിയിട്ടുണ്ട്;

(എഫ്) സർവകലാശാലയിൽ കരാറടിസ്ഥാനത്തിലുള്ള സെക്യൂരിറ്റി സംവിധാനം നിർത്തലാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ പകരം എന്തു സംവിധാനമാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക സർവകലാശാലയിൽ പ്രത്യേക വിജിലൻസ് വിഭാഗം ഇല്ല. എങ്കിലും സർവകലാശാല രജിസ്ട്രാർ സർവകലാശാലയുടെ വിജിലൻസ് ഓഫീസർ കൂടിയാണ്.

(ബി) പോലീസ് വകുപ്പിൽ ഡി.വൈ.എസ്.പി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ചീഫ് സെക്യൂരിറ്റി ഓഫീസറായും സൈന്യത്തിൽനിന്ന് ജൂനിയർ കമ്മീഷൻസ് ഓഫീസർ റാങ്കിൽ വിരമിച്ചവരിൽനിന്നും തെരഞ്ഞെടുത്ത് കരാറടിസ്ഥാനത്തിൽ നിയമിച്ച 5 സെക്യൂരിറ്റി ഓഫീസർമാരും സർവകലാശാലയിലെ തൊഴിലാളികളിൽനിന്നും തെരഞ്ഞെടുത്ത് നിയോഗിക്കപ്പെട്ട 32 സെക്യൂരിറ്റി ഗാർഡുമാരും ഏജൻസികൾ മുഖേന കരാർ അടിസ്ഥാനത്തിൽ നിയോഗിച്ചിട്ടുള്ള സൂപ്പർവൈസർമാരും ഗാർഡുകളും ചേർന്നതാണ് സർവകലാശാലയിലെ സെക്യൂരിറ്റി സംവിധാനം.

(സി) സർവകലാശാലയുടെ ഏതാനും കാമ്പസുകളുടെ സുരക്ഷിതത്വ ചുമതല 1992 മുതൽ ഓരോ വർഷത്തേക്ക് മത്സരാടിസ്ഥാനത്തിലുള്ള കരാർ പ്രകാരം സെക്യൂരിറ്റി ഏജൻസികളെ ഏൽപ്പിച്ചുവരുന്നുണ്ട്.

(ഡി) സെക്യൂരിറ്റി ഏജൻസി നിയോഗിക്കുന്ന ഗാർഡുമാർക്കും സൂപ്പർവൈസർമാർക്കും സേവന വേതന വ്യവസ്ഥകൾ നിർണ്ണയിക്കുന്നതും

LIBRARY ARCHIVES Kerala Legislative Assembly

വേതനം നൽകുന്നതും അതാത് ഏജൻസികളാണ്. നിലവിലുള്ള കരാർ അനുസരിച്ച് 8 മണിക്കൂർ ഡ്യൂട്ടിയുടെ ഒരു യൂണിറ്റ് ഗാർഡിന് പ്രതിമാസം 850 രൂപയും 6 ഡ്യൂട്ടിക്ക് ഒരു ഓഫ് ഡ്യൂട്ടി ചാർജ്ജും നൽകി വരുന്നുണ്ട്. സെക്യൂരിറ്റി സൂപ്പർവൈസർമാർക്കുവേണ്ടി നൽകുന്നത് 1210 രൂപ നിരക്കിലാണ്. ഈ തുക സെക്യൂരിറ്റി ഏജൻസിയാണ് നൽകുന്നത്.

(ഇ) സെക്യൂരിറ്റി സംവിധാനത്തിനായി കോൺട്രാക്ടർമാർക്ക് 31.3.99 വരെ 1,85,77,179 രൂപ നൽകിയിട്ടുണ്ട്.

(എഫ്) ഇല്ല. എന്നാൽ സർവകലാശാലയിൽ നിലവിലുള്ള സെക്യൂരിറ്റി സംവിധാനം പുനഃസംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്; അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. സർവകലാശാല ഫാമുകളിലും കാമ്പസുകളിലും ജോലിയെടുക്കുന്ന ശാസ്ത്രജ്ഞരും ജീവനക്കാരും തൊഴിലാളികളും പഠിക്കുന്ന വിദ്യാർത്ഥികളും സർവകലാശാലയുടെ വസ്തുവകകൾ സംരക്ഷിക്കാൻ പ്രാഥമികമായി ഉത്തരവാദിത്വപ്പെട്ടവരാണ്. അവരും പ്രാദേശിക പൊതു പ്രവർത്തകരും കഴിവും കാര്യക്ഷമതയുമുള്ള കുറച്ചു സെക്യൂരിറ്റി ഗാർഡുമാരുമടങ്ങുന്ന ചെലവു കുറഞ്ഞ ഒരു സംവിധാനം ഉണ്ടാക്കണമെന്നാണ് സർവകലാശാല ഉദ്ദേശിക്കുന്നത്.

പടന്നക്കാട് കാർഷിക കോളേജിന്റെ പ്രവർത്തനം

151(1980)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പടന്നക്കാട് കാർഷിക കോളേജിൽ അനുവദിച്ച മൊത്തം ജീവനക്കാരുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിൽ നിലവിൽ എത്ര ജീവനക്കാരുടെ സേവനം ലഭിക്കുന്നുണ്ടെന്ന് വിശദീകരിക്കുമോ;

(സി) കോളേജിൽ ആവശ്യത്തിന് പ്രൊഫസർമാരില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രൊഫസർമാരെ നിയമിക്കുവാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 64 (അറുപത്തി നാല്)

(ബി) 51 സ്ഥിരം ജീവനക്കാരുടെയും 7 താല്ക്കാലിക ജീവനക്കാരുടെയും സേവനം ലഭ്യമായിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

നക്ഷത്ര ചിഹ്നമിടാത്ത 1911, 1941, 1944, 1963, 1970, 1973 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ്

ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly